കേരള കൗമുദി

**6 November 2023**



# ആൽവിന് പുരസ്കാരം

കൊച്ചി: ലക്ഷദ്വീപിലെ പവിഴപ്പുറ്റുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണത്തിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ) യംഗ്പ്രൊഫഷണൽ ആൽവിൻ ആന്റോ ഗുജറാത്ത് ഇക്കോളജിക്കൽസൊസൈറ്റിയുടെ ഹാസ്മുഖ്ഷാ സ്മാരക പുരസ്കാരം നേടി. രണ്ട്ലക്ഷം രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന പുരസ്കാരം ജനുവരിയിൽ വഡോദരയിൽ സമ്മാനിക്കും. ഡൈവിംഗ്വിദഗ്ദ്ധനായ ആൽവിൻ, ഇന്ത്യൻ സമുദ്രാതിർത്തികളിലും ദ്വീപുകളിലും പവിഴപ്പുറ്റുകളോട് ചേർന്ന കടൽജൈവവൈവിദ്ധ്യങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ സർവേ സംഘത്തിലെ അംഗമാണ്. ഇരിഞ്ഞാലക്കുട കല്ലേറ്റുംകര സ്വദേശിയാണ്.